"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- ഷെൽട്ടർ ഹോമിലെ ജീവനക്കാരുടെ ടി.എ/ഡി.എ അനുവദിച്ച് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.91/2024/WCDD തീയതി,തിരുവനന്തപുരം, 05-03-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം. 48/2016/സാമൂവ തീയതി. 07/09/2016.

2. വനിതശിശു വികസന ഡയറക്ടറുടെ 12.12.2022, 18.05.2023, 28.07.2023-ലെ DWCD/1884/2023-NCA നമ്പർ കത്ത്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിന് കീഴിലെ നിർഭയ ഹോമുകളിൽ സന്നദ്ധ സംഘടനകൾ വഴി നിയമനം നടത്തുന്ന ജീവനക്കാരുടെ തസ്തികകളും വേതനവും പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഷെൽട്ടർ ഹോമിൽ താമസക്കാരായ കുട്ടികളുടെ ആവശ്യങ്ങൾക്കായി (ആശുപത്രി, കോടതി, പോലീസ് സ്റ്റേഷൻ, പഠനം) തുടങ്ങിയവക്ക് യാത്ര ആവശ്യമായിട്ടുണ്ട്. ഇത്തരം യാത്രകൾക്ക് ഹോമിലെ ജീവനക്കാർ പോകേണ്ടതുണ്ട്. ഇവർക്ക് യാത്രക്ക് ആവശ്യമായ തുക ഹോമിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുകയോടൊപ്പം അനുവദിക്കാൻ പരാമർശം (1) ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഷെൽട്ടർ ഹോമിലെ ജീവനക്കാർക്ക് കോടതി യാത്രകൾ, കുട്ടികളുടെ കേസ് സംബന്ധമായ യാത്രകൾ, ഹോമിനായി ബന്ധപ്പെട്ട മറ്റ് യാത്രകൾ എന്നിവയ്ക്ക് ടി.എ, ഡി.എ നല്കാൻ നിർഭയ 12-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയോഗ പ്രകാരം തീരുമാനിച്ചിരുന്നുവെന്നും കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ കൊല്ലം ഹോമിലെ ജീവനക്കാരുടെ ടി.എ/ഡി.എ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരിക്കുന്നുവെന്നും ഈ സാഹചര്യത്തിൽ ഹോമിലെ ജീവനക്കാർക്ക് കോടതി യാത്രകൾ, കുട്ടികളുടെ കേസ് സംബന്ധമായ യാത്രകൾ, ഹോമുമായി ബന്ധപ്പെട്ട മറ്റ് യാത്രകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ ജീവനക്കാരിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സിന് അനുവദിക്കുന്ന ടി.എ, ഡി.എ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന്

വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ. എസ്. ആർ ഭാഗം-II ചട്ടങ്ങൾ, യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, യാത്രാബത്ത് പരിധി നിശ്ചയിച്ച് കൊണ്ടുള്ള ഉത്തരവുകൾ (TA ceiling orders) എന്നിവയിലെ നിബന്ധനകൾ പൂർണ്ണമായും പാലിച്ച് മാത്രമേ യാത്രാബത്ത അനുവദിക്കാൻ പാടുള്ളൂ എന്നും യാത്രാബത്ത ക്ലെയിമുകളുടെ ആധികാരികത ഉറപ്പാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങൾ പിന്തുടരേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ, വനിതാ ശിശു വികസന വകുപ്പിന് കീഴിൽ NGO-കൾ മുഖാന്തിരം പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമിലെ താല്കാലിക ജീവനക്കാർ ഷെൽട്ടർ ഹോമിന്റെ ആവശ്യങ്ങളുടെ ഭാഗമായി നടത്തുന്ന യാത്രകൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ഗ്രേഡ് IV ജീവനക്കാർക്ക് ആനുപാതികമായ നിരക്കിൽ യാത്രാബത്തയും ദിനബത്തയും അനുവദിച്ച് നല്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

1. ഹോമുകളിലെ ജീവനക്കാരുടെ യാത്ര സംബന്ധിച്ച വിവരം (Tour Note) അതാതു NGO മേധാവിയുടെ ശുപാർശയോടെ ജില്ലാ ഓഫീസർക്ക് നൽകി ജില്ലാ ആഫീസർ പരിശോധിച്ച് ഉറപ്പുവരുത്തി ശുപാർശ ചെയ്യുന്ന തുക അതാതു NGO മുഖാന്തിരം ബന്ധപ്പെട്ട ജീവനക്കാർക്ക് അനുവദിക്കുക.
2. ഓരോ ജീവനക്കാരുടെയും ഒരു മാസത്തെ Tour Note സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി, ഒരു മാസത്തെ എല്ലാ ജീവനക്കാരുടെയും Tour Note സഹിതം ജില്ലാ ഓഫീസർക്ക് അയച്ചു കൊടുത്തു ജില്ലാ ആഫീസർ യാത്രകളുടെ ആധികാരികതയും, തുകയുടെ ആധികാരികതയും, പരിശോധിച്ച് ഡയറക്ടർക്കു ശുപാർശ ചെയ്യുകയും, ജില്ലാ ആഫീസർ ശുപാർശ ചെയ്യുന്ന തുക ഡയറക്ടർ നിർഭയയുടെ ശീർഷകത്തിൽ നിന്നും ഹോമിന്റെ കണ്ടിജൻസി ഫണ്ടിൽ ചേർത്ത് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും, ടി തുക ജില്ലാ ആഫീസർ മാറി NGO യുടെ അക്കൗണ്ടിൽ നൽകുകയും, NGO അതാതു ജീവനക്കാരുടെയും അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയിൽ നടപ്പിലാക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ.M.S.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (vide u. o. no. WCD-1/1/2023-FIN(2307719) dated 30.01.2024.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 05-03-2024 16:15:19